**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5935** **09-07-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കേണ്ടതായ ബാദ്ധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കേണ്ട നിലവിലുള്ള ബാദ്ധ്യതകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **1) 01/07/2019 തീയതി പ്രാബല്യത്തിൽ നടപ്പാക്കിയ പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന്റെ പെൻഷൻ പരിഷ്കരണ കുടിശ്ശികയുടെ അവസാന ഗഡു അനുവദിക്കുവാൻ കണക്കാക്കിയിട്ടുള്ള തുക 573 (അഞ്ഞൂറ്റി എഴുപത്തി മൂന്ന്) കോടി രൂപയാണ്.**<br><br>**2) സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കാനായി സപ്ലൈക്കോ 159.6687083 കോടി രൂപയുടെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.**<br><br>**3) കാർഷിക കടാശ്വാസം ഇനത്തിൽ 152 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ 2024-25 സാമ്പത്തിക വർഷം ഭരണ വകുപ്പിൽ നിന്നും ലഭിച്ചതിൻ പ്രകാരം 2401-00-104-86-01-34-03 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 22.869 കോടി രൂപയിൽ നിന്നും 10 കോടി രൂപ ധന വകുപ്പ് അനുവദിച്ചിട്ടുണ്ട്. ഇനി അനുവദിക്കാനുള്ളത് 142 കോടി രൂപ.**<br><br>**4) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നെല്ല് സംഭരിച്ച വകയിൽ കൊടുത്തുതീർക്കാനുള്ള തുക 482 കോടി രൂപ.**<br><br>**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കേണ്ട ബാദ്ധ്യതകളിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.**<br><br>**ബന്ധപ്പെട്ട മറ്റു വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു വരുന്നു.** |
| (ബി) | കരാറുകാർക്കും കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി തുടങ്ങിയ | (ബി) | **1) കെ.എസ്.ആർ.ടി.സി** യുമായി ബന്ധപ്പെട്ട് സർക്കാർ കൊടുത്ത് തീർക്കേണ്ടതായ ബാദ്ധ്യതകൾ |

സ്ഥാപനങ്ങൾക്കും നൽകാനുള്ള തുക എത്രയാണെന്ന് വിശദമാക്കാമോ;

ഒന്നുംതന്നെയില്ല.

**2) കെ.എസ്.ഇ.ബി.എൽ-**ന് സർക്കാർ അടിയന്തിരമായി കൊടുത്ത് തീർക്കേണ്ട ബാധ്യത 259.95 കോടി രൂപയാണ്.

(എന്നാൽ കെ.എസ്.ഇ.ബി.എൽ ന്റെ 31.03.2024-ലെ കണക്കുപ്രകാരം 170.33 കോടി രൂപയും 01/04/2024 മുതൽ 30/06/2024 വരെ 330 കോടി രൂപയും (ഓഡിറ്റ് ചെയ്യാത്ത കണക്കുകൾ പ്രകാരം) ഉൾപ്പെടെ ഏകദേശം 500.33 കോടി രൂപ ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ സർക്കാരിലേയ്ക്ക് അടവാക്കാനുണ്ട്) .

**3) കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയുടെ വിവരങ്ങൾ**

I) വാട്ടർ അതോറിറ്റിയിലെ കരാറുകാർക്ക് നല്കുവാനുള്ള കുടിശ്ശിക തുകയുടെ വിവരങ്ങൾ

(തുക കോടിയിൽ)

| | |
|---|---|
| സ്റ്റേറ്റ് പ്ലാൻ | 128.52 |
| നബാർഡ് | 45.90 |
| RKI | 23.32 |
| ജല ജീവൻ മിഷൻ | 3161.12 (50:50 CSS) |
| LAC - ADS | 3.06 |
| O & M | 137.19 |
| ആകെ | 3499.11 |

**ii) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ദുർബല വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക സർക്കാർ എഴുതിത്തള്ളിയ വകയിൽ അനുവദിക്കേണ്ട 283.16 കോടി രൂപയിൽ ഇനി 190.32 കോടി രൂപ കൂടി നൽകാനുണ്ട്.**

iii) പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് നിശ്ചിത സമയത്ത് ബില്ലുകൾ തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 ഒക്ടോബർ മാസം വരെയും ജലവിഭവ വകുപ്പിൽ 2024 ഫെബ്രുവരി മാസം വരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ

| | | | |
|---|---|---|---|
| | | | കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. |
| (സി) | സിവിൽ സപ്ലൈസ് കോർപ്പറേഷനും, മെഡിക്കൽ സർവ്വീസ് കോർപ്പറേഷനും, കൺസ്യൂമർ ഫെഡിനും നിലവിൽ നൽകുവാനുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; | (സി) | **1) സർക്കാർ അടിയന്തരമായി കൊടുത്ത് തീർക്കാനായി സപ്ലൈകോ 159.6687083 കോടി രൂപയുടെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്.**<br><br>**2) സിവിൽ സപ്ലൈസ് കോർപ്പറേഷന് നെല്ല് സംഭരണ ഇനത്തിൽ 482 കോടി രൂപ നൽകാനുണ്ട്. കൺസ്യൂമർഫെഡിന് കുടിശ്ശിക തുയൊന്നും നൽകാനില്ല.**<br><br>**3) 2010-11 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ വിപണിയിടപെടലിനായി 1451.85 കോടി രൂപ നൽകാനുണ്ടെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്.**<br><br>**4) കോവിഡ് സമയത്ത് അതിഥി തൊഴിലാളികൾക്ക് കിറ്റ് നൽകിയ വകയിൽ സപ്ലൈക്കോയ്ക്ക് 16.85 കോടി രൂപ കുടിശ്ശികയായി ഉണ്ടെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്.** |
| (ഡി) | ഓരോ ക്ഷേമ പദ്ധതികൾക്കും കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. |
| (ഇ) | കർഷകർക്കും, സഹകരണ സംഘത്തിൽ നിന്ന് വായ്പ എടുത്തവർക്കും സർക്കാർ പ്രഖ്യാപിച്ച പലിശ സബ്സിഡി ഇനത്തിൽ നൽകാനുള്ള തുക എത്രയാണ്; ലാസ്റ്റ് അക്വസിഷൻ നടത്തിയ ഇനത്തിലുള്ള ബാധ്യത എത്രയാണ്; വ്യക്തമാക്കാമോ; | (ഇ) | വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | എം.എൽ.എ.മാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം നിലവിൽ കൊടുത്തു തീർക്കാനുള്ള തുക എത്രയാണ്; | (എഫ്) | വിവരം ശേഖരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ജി) | സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ? | (ജി) | നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. 2024-25 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ 2024 ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ